I ഇ.ബി. XV -  കേരള നിയമസഭ/XII-6

# പതിനഞ്ചാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2024 ഒക്ടോബർ 11, വെള്ളി

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിടാത്ത 1853-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 20-06-2024-ലെ നക്ഷത്രചിഹ്നമിടാത്ത 1853-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം ഗതാഗത വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

## II നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുള്ള നോട്ടീസ്

മി. സ്പീക്കർ: ജസ്റ്റിസ് ഹേമ കമ്മിറ്റി റിപ്പോർട്ടിലെ വെളിപ്പെടുത്തലുകളിന്മേലുള്ള കേസന്വേഷണവുമായി ബന്ധപ്പെട്ടാണ് ഇന്ന്

ചട്ടം 50 പ്രകാരം നോട്ടീസ് നൽകിയിട്ടുള്ളത്. ഈ വിഷയം ഹൈക്കോടതിയുടെ പരിഗണനയിലുള്ളതായതിനാൽ ചട്ടം 52(vii) പ്രകാരം അനുമതി നൽകാൻ സാധിക്കില്ല.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി നൽകാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശൻ പ്രസ്താവന നടത്തിയശേഷം പ്രതിപക്ഷമൊന്നടങ്കം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## III ശ്രദ്ധക്ഷണിക്കൽ

### 1. ജലാശയങ്ങളിലെ മാലിന്യങ്ങളും മണലും പോളയും നീക്കം ചെയ്യേണ്ടതിന്റെ ആവശ്യകത

ശ്രീ. ജോബ് മൈക്കിൾ: ജലാശയങ്ങളിൽ മണലും മാലിന്യങ്ങളും അടിഞ്ഞുകൂടി സ്വാഭാവിക നീരൊഴുക്ക് തടസ്സപ്പെടുന്നത് ഉൾനാടൻ ജലഗതാഗതത്തെയും ജനങ്ങളെയും ബുദ്ധിമുട്ടിലാക്കുകയും ആലപ്പുഴ, കോട്ടയം പത്തനംതിട്ട ജില്ലകളിൽ കൃഷിയെ സാരമായി ബാധിക്കുകയും വെള്ളപ്പൊക്കത്തിന് കാരണമാകുകയും ചെയ്യുന്നു. പോള നീക്കം ചെയ്യാൻ റണ്ണിംഗ് കോൺട്രാക്ട് നൽകാനും മഴക്കാലത്ത് അടിഞ്ഞുകൂടിയ മണലും മാലിന്യങ്ങളും നീക്കം ചെയ്യാനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): ഭൂവിനിയോഗത്തിലും ജീവിതശൈലിയിലുമുണ്ടായ മാറ്റമാണ് ജലസ്രോതസ്സുകളിൽ മാലിന്യം അടിഞ്ഞുകൂടുന്നതിന് കാരണമായത്. ഡാമുകളും കുളങ്ങളും ഒഴികെയുള്ള ജലാശയങ്ങൾ പൂർണ്ണമായും മാലിന്യമുക്തമാക്കി സംരക്ഷിക്കുകയെന്നത് പ്രായോഗികമല്ല. മനുഷ്യർക്കും പക്ഷിമൃഗാദികൾക്കും ഉപയോഗിക്കാനാകുംവിധം ജലസ്രോതസ്സിന്റെ ഗുണനിലവാരം നിലനിർത്താൻ ജനപങ്കാളിത്തവും പൗരബോധവും ആവശ്യമാണ്. ശുദ്ധീകരിച്ച ജലസ്രോതസ്സുകളിലേക്ക് മാലിന്യവും മലിനജലവും എത്തുന്നില്ലെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പുവരുത്തണം. നദികൾ പുനരുജ്ജീവിപ്പിക്കുന്നതിനും മാലിന്യമുക്തമാക്കുന്നതിനും ജലസേചന വകുപ്പിന്റെ 2024-25-ലെ വാർഷിക പ്ലാനിൽ രണ്ടുകോടി രൂപ വകയിരുത്തിയിട്ടുണ്ട്. ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഉത്തരവുപ്രകാരം ജലസ്രോതസ്സുകൾ മാലിന്യമുക്തമാക്കുന്നതിനും സുഗമമായ നീരൊഴുക്ക് സാധ്യമാക്കുന്നതിനുമായി തയ്യാറാക്കിയ അംഗീകൃത ആക്ഷൻ പ്ലാൻ പ്രകാരമുള്ള പ്രവൃത്തികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പിലാക്കുന്നതാണ്. കുളവാഴ കമ്പോസ്റ്റാക്കാനും അലങ്കാര വസ്തുക്കൾ നിർമ്മിക്കാനുമുതകുന്ന സ്വയംതൊഴിൽ പദ്ധതികൾക്ക് വ്യവസായ വകുപ്പുവഴി

രൂപംനൽകാവുന്നതാണ്. വ്യവസായം, കൃഷി, മൃഗസംരക്ഷണം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുമന്ത്രിമാരുടെ യോഗത്തിൽ പോള നീക്കം ചെയ്യാൻ റണ്ണിംഗ് കോൺട്രാക്ട് നൽകുന്ന വിഷയം പരിഗണിക്കുന്നതാണ്.

## (2) കണ്ണൂർ വിമാനത്താവളത്തിൽനിന്നുള്ള സർവീസുകൾ വർധിപ്പിക്കുന്നതിനും അന്തർദ്ദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിനുമുള്ള നടപടി

ശ്രീ. സജീവ് ജോസഫ്: കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനും കൂടുതൽ വിമാന സർവീസുകൾ ആരംഭിക്കുന്നതിനും കണ്ണൂർ-എയർപോർട്ട് റോഡ് യാഥാർത്ഥ്യമാക്കുന്നതിനും 'ഉഡാൻ' പദ്ധതി പുനരാരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം. വിമാനത്താവളത്തിന് 'പോയിന്റ് ഓഫ് കാൾ' പദവി നേടിയെടുക്കുന്നതിന് കേന്ദ്രഗവൺമെന്റിൽ ശക്തമായ സമ്മർദ്ദം ചെലുത്തണം. KIAL-നെ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരികയും സി. ആൻഡ് എ.ജി.-യുടെ ഓഡിറ്റിന് വിധേയമാക്കുകയും എയർപോർട്ട് നടത്തിപ്പിൽ സുതാര്യത ഉറപ്പുവരുത്തുകയും ചെയ്യണം.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ Code D/Wide body

വിമാനങ്ങൾക്കും സർവീസ് നടത്താൻവേണ്ട സജ്ജീകരണങ്ങളും സുരക്ഷാ സംവിധാനങ്ങളുമൊരുക്കിയിട്ടുണ്ട്. 'പോയിന്റ് ഓഫ് കാൾ' പദവി ലഭ്യമായാൽ മാത്രമേ വിദേശ വിമാന കമ്പനികൾക്ക് സർവീസ് നടത്താൻ സാധിക്കുകയുള്ളൂ. സംസ്ഥാനത്തെ മറ്റ് എയർപോർട്ടുകളുമായി കിയാലിന്റെ പ്രാദേശിക കണക്റ്റിവിറ്റി വർധിപ്പിക്കുന്നതിനായി 'ഉഡാൻ' സ്കീമിലുൾപ്പെടുത്തി പുതിയ എയർ റൂട്ടുകൾ അനുവദിക്കണമെന്നും ഒരു നിശ്ചിത സമയത്തേയ്ക്ക് വിദേശ വിമാന കമ്പനികൾക്ക് സർവീസ് നടത്താവുന്ന രീതിയിൽ ഓപ്പൺ സ്കൈ പോളിസി നടപ്പാക്കണമെന്നും 'പോയിന്റ് ഓഫ് കാൾ' പദവി അനുവദിക്കണമെന്നുമാവശ്യപ്പെട്ട് കേന്ദ്ര വ്യോമയാന മന്ത്രിക്ക് മെമ്മോറാണ്ടം സമർപ്പിക്കുകയും മുഖ്യമന്ത്രി പ്രധാനമന്ത്രിയെ നേരിൽക്കണ്ട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദവി നേടിയെടുക്കാൻ കേരളത്തിൽ നിന്നുള്ള എം.പി.-മാരുടെ കൂട്ടായ ഇടപെടലുണ്ടാകണം.

## III സബ്മിഷൻ

### (1) കൊച്ചി മെട്രോ- രണ്ടാംഘട്ട പ്രവൃത്തി

ശ്രീമതി ഉമ തോമസ്: കൊച്ചി മെട്രോയുടെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങളോടനുബന്ധിച്ചുണ്ടാകുന്ന ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): കൊച്ചി മെട്രോയുടെ രണ്ടാംഘട്ട നിർമ്മാണ പ്രവൃത്തിയിൽ ഗതാഗതക്കുരുക്കുണ്ടാകാനിടയുള്ള മേഖലയെ മൂന്ന് സെക്ഷനുകളായി തിരിച്ച് കൂടുതൽ പോലീസുദ്യോഗസ്ഥരെ വിന്യസിച്ചും ബൈക്ക്/മൊബൈൽ പട്രോളിംഗ് ഏർപ്പെടുത്തിയും ട്രാഫിക് വാർഡൻമാരെ നിയോഗിച്ചും ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. നിർമ്മാണം നടക്കുന്ന ഭാഗത്തെ റോഡിന്റെ വീതിയുടെ അഞ്ച് മീറ്റർ ഗതാഗതത്തിനായി വിട്ടശേഷംമാത്രമേ ബാരിക്കേഡുകൾ സ്ഥാപിക്കാൻ പാടുള്ളൂവെന്ന നിർദേശം മെട്രോ അധികൃതർക്കും പരമാവധി സമാന്തര റോഡുകളുപയോഗിക്കണമെന്ന അറിയിപ്പ് പൊതുജനങ്ങൾക്കും നൽകിയിട്ടുണ്ട്.

## (2) കൈവശ ഭൂമിക്ക് പട്ടയം ലഭ്യമാക്കുന്നതിന് നടപടി

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: വയനാട് ജില്ലയിലെ വിവിധ പഞ്ചായത്തുകളിലായി വനഭൂമിയിൽ കുടിയേറിപാർത്തിട്ടുള്ള 1200-ഓളം കുടുംബങ്ങളുടെ കൈവശ ഭൂമിക്ക് പട്ടയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): വനഭൂമി പാട്ട വ്യവസ്ഥയിൽ കൈവശം വച്ചിട്ടുള്ളവരുടെ വിവരശേഖരണത്തിനായി വനം-റവന്യൂ വകുപ്പുകളുടെ പ്രത്യേക സംഘത്തെ നിയോഗിച്ചിട്ടുണ്ട്. വനം വകുപ്പ് പാട്ടത്തിന് നൽകിയിട്ടുള്ള ഭൂമിയിൽ അതിർത്തികൾ നിർണയിച്ചിട്ടില്ല. വനഭൂമി വനേതര ആവശ്യങ്ങൾക്കായി പരിവർത്തനം ചെയ്യപ്പെട്ടിട്ടുള്ളതിനാൽ പ്രസ്തുത വിഷയം സ്റ്റേറ്റ് ലെവൽ എക്സ്പേർട്ട് കമ്മിറ്റി മുമ്പാകെ അവതരിപ്പിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ, പ്രസ്തുത വിഷയത്തിന് പ്രത്യേക പരിഗണന നൽകി സ്ഥലം എം.എൽ.എ.-യുടെ സാന്നിധ്യത്തിൽ ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേർന്ന് ആവശ്യമായ നടപടികളുമായി മുന്നോട്ടുപോകുന്നതുമാണ്.

## (3) കുണ്ടന്നൂർ ബൈപ്പാസ് നിർമ്മാണത്തിന് ഭൂമി വിട്ടുനൽകുന്നവർക്കുള്ള നഷ്ടപരിഹാരം

ശ്രീ. അനൂപ് ജേക്കബ്: അങ്കമാലി - കുണ്ടന്നൂർ ബൈപ്പാസ് നിർമ്മാണത്തിനായുള്ള ഭൂമി വിട്ടുനൽകുന്നവർക്ക് കെട്ടിടങ്ങളുടെ കാലപ്പഴക്കം കണക്കാക്കാതെ വില നിർണ്ണയിക്കുന്നതിനും ഭൂമി പൂർണ്ണമായി ഏറ്റെടുക്കുന്നതിനും ഭൂമിയുടെ മാർക്കറ്റ് വില കണക്കാക്കി ന്യായമായ നഷ്ടപരിഹാരം നൽകുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): ദേശീയപാത നിർമ്മാണത്തിനായി ഭൂമിയേറ്റെടുക്കുമ്പോൾ ഭൂവുടമകളുമായി ഹിയറിംഗ് നടത്തി അവരുടെ ആശങ്കകളും സംശയങ്ങളും ദൂരീകരിച്ചതിനുശേഷം മാത്രമേ 3D നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുകയുള്ളൂവെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. നിലവിലുള്ള ദേശീയപാത പദ്ധതികളുടെ ഭൂമിയേറ്റെടുക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കാനുള്ള ഇടപെടൽ നടത്തുന്നതാണ്.

(4) ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാത

ശ്രീ. ലിന്റോ ജോസഫ്: ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാത നിർമ്മാണം അടിയന്തരമായി ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാതയുടെ നിർമ്മാണത്തിനായി 90 ശതമാനം ഭൂമി ഏറ്റെടുത്തിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ 1.8545 ഹെക്ടർ ഭൂമികൂടി ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. പദ്ധതിക്ക് അന്തിമ പാരിസ്ഥിതികാനുമതി ലഭ്യമാക്കുന്നതിനുള്ള അപേക്ഷ നിലവിൽ സ്റ്റേറ്റ് ലെവൽ എക്സ്പർട്ട് കമ്മിറ്റിയുടെ പരിഗണനയിലാണ്. ടണൽ പാതയുടെ പ്രവൃത്തി രണ്ട് പാക്കേജുകളിലായി ടെൻഡർ ചെയ്തിട്ടുണ്ട്. അന്തിമ പാരിസ്ഥിതികാനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (5) അയ്യങ്കാളി മെമ്മോറിയൽ ഗവ. മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂളിന്റെ പ്രവർത്തനം

ശ്രീ. വി. ശശി: തിരുവനന്തപുരത്ത് വെള്ളായണിയിൽ സ്ഥിതിചെയ്യുന്ന അയ്യങ്കാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂളിലെ കുട്ടികൾക്ക് സുരക്ഷിതത്വവും സംരക്ഷണവും ഉറപ്പാക്കാനും ഇവരുടെ സംരക്ഷണച്ചുമതല ഏറ്റെടുത്ത് പ്രിൻസിപ്പലും ഹെഡ്മാസ്റ്ററും അധ്യാപകരും സ്കൂൾ ക്വാർട്ടേഴ്സിൽ താമസിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനും അടിയന്തര നടപടി സ്വീകരിക്കണം.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): മൂന്ന് വർഷത്തോളം തുടർച്ചയായി സ്കൂളുകളിൽ സേവനമനുഷ്ഠിക്കണമെന്നും സ്കൂളുകളോടനുബന്ധിച്ചുള്ള ക്വാർട്ടേഴ്സുകളിൽ താമസിച്ച് അധ്യാപനം നടത്തണമെന്നുമുള്ള നിർദേശത്തോടെയാണ് വെള്ളായണിയിലെ അയ്യങ്കാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂളിൽ അധ്യാപക നിയമനം നടത്തിയിട്ടുള്ളത്. നിലവിൽ പ്രസ്തുത സ്കൂളിലെ അധ്യാപകർ സ്കൂൾ ക്യാമ്പസിലെ ക്വാർട്ടേഴ്സുകളിൽ രാത്രികാലങ്ങളിൽ താമസിക്കുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് കർശന നിർദേശം നൽകിയിട്ടുണ്ട്.

നിബന്ധന ലംഘിക്കുന്ന അധ്യാപകർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(6) തിരൂരിലെ രാജീവ് ഗാന്ധി സ്റ്റേഡിയം നവീകരണം

ശ്രീ. കുറുക്കോളി മൊയ്തീൻ: തിരൂരിലെ രാജീവ് ഗാന്ധി സ്റ്റേഡിയം നവീകരിക്കാൻ നടപടി സ്വീകരിക്കണം.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): തിരൂരിലെ രാജീവ് ഗാന്ധി സ്റ്റേഡിയത്തിന്റെ നവീകരണ പ്രവൃത്തി ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് മുനിസിപ്പാലിറ്റി പുതുക്കി നൽകിയ സർക്കാർ അംഗീകൃത എം.ഒ.യു.-വിലെ വ്യവസ്ഥകൾ വകുപ്പിന്റെ അധികാരങ്ങൾ പരിമിതപ്പെടുത്തുന്നതും അന്തിമ അധികാരം മുനിസിപ്പാലിറ്റിക്ക് നിശ്ചയിക്കാവുന്ന തരത്തിലുമായിരുന്നു. സർക്കാർ അംഗീകരിച്ച ധാരണാപത്രപ്രകാരം അധികാരം കായിക യുവജനകാര്യ ഡയറക്ടറേറ്റിൽ നിക്ഷിപ്തമാണ്. തുടർനടത്തിപ്പും പരിപാലനവും ജോയിന്റ് മാനേജ്മെന്റ് കമ്മിറ്റി മുഖാന്തരം നടപ്പാക്കാത്ത സാഹചര്യത്തിലാണ് കായിക ഡയറക്ടർ പ്രവൃത്തി ഏറ്റെടുത്ത് നടത്തുന്നത്. അഞ്ചുകോടി രൂപ ചെലവിൽ തിരൂർ സ്റ്റേഡിയത്തിൽ നവീകരണ പ്രവൃത്തികൾ നടത്തിയെങ്കിലും അത് പരിപാലിക്കുന്നതിൽ മുനിസിപ്പാലിറ്റിയുടെ

ഭാഗത്തുനിന്നും കടുത്ത വീഴ്ചയുണ്ടായ സാഹചര്യത്തിൽ കൃത്യമായ വ്യവസ്ഥയോടുകൂടി മാത്രമെ കൂടുതൽ തുക വിനിയോഗിക്കാനാകുകയുള്ളൂ. ഇതുസംബന്ധിച്ച് നഗരസഭ ധാരണാപത്രത്തിൽ ഒപ്പിടാൻ തയ്യാറായാൽ പദ്ധതി നടപ്പാക്കാനാകും. അല്ലാത്തപക്ഷം അവലോകന യോഗതീരുമാനപ്രകാരം നടപടി സ്വീകരിക്കും.

## V റിപ്പോർട്ടുകളുടെ സമർപ്പണം:

സബ്ജക്ട് കമ്മിറ്റി IV-ന്റെ 2024-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ, 2024-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ബിൽ, സബ്ജക്ട് കമ്മിറ്റി XII-ന്റെ 2024-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ എന്നിവ സംബന്ധിച്ച റിപ്പോർട്ടുകൾ സമർപ്പിച്ചു.

## VI നിയമസഭാ യോഗങ്ങളിൽ ഹാജരാകാതിരിക്കുവാൻ അനുവാദം

പതിനഞ്ചാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളന കാലയളവിൽ ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)-ന് സഭയുടെ എല്ലാ

യോഗങ്ങളിലും ഹാജരാകാതിരിക്കുവാൻ അനുവാദം ചോദിച്ചുകൊണ്ടുള്ള അപേക്ഷ സഭ പരിഗണിക്കുകയും അനുവാദം നൽകുകയും ചെയ്തു.

## VII അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

(2) അനൗദ്യോഗിക ബില്ലുകളുടെ അവതരണാനുമതിക്കുള്ള ഉപക്ഷേപങ്ങൾ

(i) 2022-ലെ കേരള മനുഷ്യക്കടത്ത് പ്രവർത്തനങ്ങൾ (തടയൽ) ബിൽ

ശ്രീ. അനൂപ് ജേക്കബ്: 2022-ലെ കേരള മനുഷ്യക്കടത്ത് പ്രവർത്തനങ്ങൾ (തടയൽ) ബില്ലിന്റെ അവതരണാനുമതിക്കുള്ള ഉപക്ഷേപം അവതരിപ്പിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): നിയുക്ത ബില്ലിലെ കുറ്റകൃത്യങ്ങളിൽ അന്വേഷണം നടത്തേണ്ടത് 2023-ലെ Bharatiya Nagarik Suraksha Sanhita-യിലെ നടപടിക്രമങ്ങളനുസരിച്ചാണ്. ബില്ലിലെ വ്യവസ്ഥകൾ മേൽപ്പറഞ്ഞ

നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമല്ലാത്തതിനാലും ബിൽ പാസ്സാക്കിയാൽ സഞ്ചിതനിധിയിൽനിന്നും അനാവർത്തക ചെലവുണ്ടാകുമെന്നതിനാലും ബിൽ പരിഗണിക്കേണ്ടതില്ല.

ശ്രീ. അനൂപ് ജേക്കബ്: സംസ്ഥാനത്ത് മനുഷ്യക്കടത്ത് ആവർത്തിക്കുന്നത് സാമൂഹ്യ-സാമ്പത്തിക മേഖലകളെ ബാധിക്കുകയും രാജ്യത്തിന് സുരക്ഷാ ഭീഷണി ഉയർത്തുകയും ചെയ്യുന്നു. വ്യാജ ഏജൻസികൾ മുഖാന്തരം തൊഴിൽ തേടി പോകുന്നവരാണ് മനുഷ്യക്കടത്തിനിരയാക്കപ്പെടുന്നത്. മനുഷ്യക്കടത്തുമായി ബന്ധപ്പെട്ട് നിരവധി കേസ്സുകൾ നിലനിൽക്കുന്നുണ്ടെങ്കിലും ഒരാളും ശിക്ഷിക്കപ്പെടുന്നില്ല. മനുഷ്യക്കടത്ത് റാക്കറ്റുകളിലെ യഥാർഥ പ്രതികളെ നിയമത്തിനുമുന്നിൽ കൊണ്ടുവരാൻ കഴിയണം. മനുഷ്യക്കടത്ത് തടയുന്നതിനുള്ള ബിൽ പ്രാബല്യത്തിൽകൊണ്ടുവരാൻ കേന്ദ്ര സർക്കാരിന് ഇതുവരെ സാധിച്ചിട്ടില്ലെന്നത് ഖേദകരമാണ്. പ്രസ്തുത വിഷയത്തിൽ സംസ്ഥാന സർക്കാർ സമഗ്രമായ നിയമനിർമ്മാണം നടത്തി ചൂഷണം അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. വിദേശ രാജ്യങ്ങളിൽ പോയി പഠനം നടത്തുന്നതിന് വിദ്യാർഥികളെ റിക്രൂട്ട് ചെയ്യുന്ന ഏജൻസികളെ മോണിറ്റർ ചെയ്യണം. വിദേശത്തേയ്ക്ക് പോകുന്നവർ

മാനദണ്ഡം അനുസരിച്ച് നോർക്ക റൂട്ട്സിൽ രജിസ്റ്റർ ചെയ്യണമെന്നത് നിർബന്ധമാക്കണം.

(ചർച്ച തുടരും)

(ii) 2022-ലെ ജനവാസ മേഖലകളിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്ന അക്രമകാരികളായ (അക്രമ സ്വഭാവമുള്ള) മൃഗങ്ങളെ സുരക്ഷിത വാസസ്ഥലങ്ങളിലേയ്ക്ക് മാറ്റി പുനരധിവാസം ഉറപ്പാക്കൽ ബിൽ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: 2022-ലെ ജനവാസമേഖലകളിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്ന അക്രമകാരികളായ (അക്രമ സ്വഭാവമുള്ള) മൃഗങ്ങളെ സുരക്ഷിത വാസസ്ഥലങ്ങളിലേക്ക് മാറ്റി പുനരധിവാസം ഉറപ്പാക്കൽ ബില്ലിന്റെ അവതരണാനുമതിക്കുള്ള ഉപക്ഷേപം അവതരിപ്പിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ: ഉപക്ഷേപത്തെ പിന്താങ്ങുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): അക്രമ സ്വഭാവമുള്ള മൃഗങ്ങളെ സുരക്ഷിത വാസസ്ഥലത്തേയ്ക്ക് മാറ്റി പുനരധിവാസം ഉറപ്പാക്കുന്നതിനായി 1972-ലെ വന്യജീവി സംരക്ഷണ നിയമത്തിൽ കൃത്യമായ മാർഗനിർദേശങ്ങളും അനുവാദങ്ങളും നിലനിൽക്കുന്നുണ്ട്. ആന പുനരധിവാസത്തിനും കടുവ സംരക്ഷണത്തിനും സംസ്ഥാനത്ത് കേന്ദ്രങ്ങളുണ്ട്. തൃശ്ശൂരിൽ സുവോളജിക്കൽ പാർക്ക് സ്ഥാപിക്കുന്നതോടുകൂടി

ഇത്തരം പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ സാധിക്കും. തെരുവ് നായ്ക്കളുടെ വിഷയത്തിൽ പഞ്ചായത്ത് രാജ് ആക്റ്റ് പ്രകാരമുള്ള വ്യവസ്ഥകൾ സർക്കാർ പാലിക്കുന്നുണ്ട്. ഈ വിഷയത്തിൽ നിയമനിർമ്മാണം നടത്തേണ്ട ആവശ്യമില്ലാത്തതിനാൽ ബില്ലിന് അവതരണാനുമതി നൽകേണ്ടതില്ല.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: തെരുവിൽ ഉപേക്ഷിക്കപ്പെടുന്ന മൃഗങ്ങളെയും നായ്ക്കളെയും സുരക്ഷിത സ്ഥലങ്ങളിൽ പുനരധിവസിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ബിൽ കൊണ്ടുവന്നിട്ടുള്ളത്. ജനങ്ങളുടെ ജീവന് ഭീഷണിയാകുന്ന തെരുവ് നായ്ക്കളെ രജിസ്റ്റർ ചെയ്യുന്നതിനും പഞ്ചായത്തടിസ്ഥാനത്തിൽ അവയ്ക്ക് വാസസ്ഥലം ഒരുക്കുന്നതിനും നടപടിയെടുക്കണം. ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണ/മൃഗസംരക്ഷണ വകുപ്പുകളുടെ ഭാഗത്തുനിന്ന് നടപടിയുണ്ടാകണം.

(ചർച്ച തുടരും)

(iii) 2024-ലെ കേരള അഗ്നിശമനസേനാ (ഭേദഗതി) ബിൽ

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): 2024-ലെ കേരള അഗ്നിശമനസേനാ (ഭേദഗതി) ബില്ലിന്റെ അവതരണാനുമതിക്കുള്ള ഉപക്ഷേപം അവതരിപ്പിക്കുന്നു.

<u>ശ്രീ. അഹമ്മദ് ദേവർകോവിൽ</u>: ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എം. ബി. രാജേഷ്</u>): 1962-ലെ കേരള ഫയർ ഫോഴ്സ് നിയമം പരിഷ്കരിക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്. ഈ സാഹചര്യത്തിൽ ബിൽ പരിഗണിക്കേണ്ടതില്ല.

<u>ഡോ. എൻ. ജയരാജ്</u>: 1962-ലെ കേരള ഫയർ ഫോഴ്സ് നിയമം ഭേദഗതി ചെയ്യാനുള്ള തീരുമാനം സന്തോഷകരമാണ്. കേരളത്തിലെ ഫയർ ഫോഴ്സിന്റെ ആദ്യകാല പ്രവർത്തനം തീകെടുത്തലുമായി ബന്ധപ്പെട്ടായിരുന്നെങ്കിലും പിന്നീട് മറ്റ് മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുകയും 2002-ൽ കേരള ഫയർ ഫോഴ്സ് എന്നത് കേരള ഫയർ ആൻഡ് റെസ്ക്യൂ സർവീസസ് എന്ന് പുനർനാമകരണം ചെയ്യുകയുമുണ്ടായി. 1962-ലെ കേരള ഫയർ ഫോഴ്സ് ആക്റ്റിന്റെ പേര് മാറ്റണമെന്നും ഓഫീസുകളുടെ എണ്ണം വർധിപ്പിക്കണമെന്നും കെട്ടിടങ്ങളെ തരംതിരിക്കണമെന്നുമാണ് ബില്ലിന്റെ ഭാഗമായി നിർദേശിക്കാനുള്ളത്. കേരള ഫയർ ഫോഴ്സിനെ എമർജൻസി സർവീസായി പ്രഖ്യാപിക്കണം. അഗ്നിശമനസേനയ്ക്ക് ആധുനിക കാലഘട്ടത്തിനനുസൃതമായ പരിശീലനവും ഉപകരണങ്ങളും

നൽകുന്നതോടൊപ്പം ബന്ധപ്പെട്ട നിയമത്തിൽ കാലോചിതമായ പരിഷ്കരണവും നടപ്പിലാക്കണം.

(ചർച്ച തുടരും)

(iv) 2022-ലെ കേരള ദുരന്തനിവാരണ സന്നദ്ധപ്രവർത്തകർ സംരക്ഷണ ബിൽ

ശ്രീ. ടി. സിദ്ദിഖ്: 2022-ലെ കേരള ദുരന്തനിവാരണ സന്നദ്ധപ്രവർത്തകർ സംരക്ഷണ ബില്ലിന്റെ അവതരണാനുമതിക്കുള്ള ഉപക്ഷേപം അവതരിപ്പിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: ഉപക്ഷേപത്തെ പിന്താങ്ങുന്നു.

റവന്യൂ ഭവനനിർമ്മാണ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): 2005-ലെ ദേശീയ ദുരന്തനിവാരണ നിയമത്തിലെ അധികാരങ്ങളുപയോഗിച്ച് ദുരന്തനിവാരണ സന്നദ്ധപ്രവർത്തകരെ ഏകോപിപ്പിക്കുന്നതിനും ചുമതലകൾ നൽകുന്നതിനും സംസ്ഥാന-ജില്ലാ ദുരന്തനിവാരണ അതോറിറ്റികൾക്ക് സാധിക്കുന്നതാണ്. നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ പ്രസ്തുത അതോറിറ്റികൾക്ക് അധികാരം നൽകിയിട്ടുള്ളതിനാൽ നിർദ്ദിഷ്ട ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ള

ദുരന്തനിവാരണ സന്നദ്ധ പ്രവർത്തക സംരക്ഷണ അതോറിറ്റി രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയില്ല. കേരള അഗ്നിരക്ഷാ വകുപ്പിന്റെ കീഴിൽ സിവിൽ ഡിഫൻസ് വോളന്റിയർമാർ പ്രവർത്തിക്കുകയും അവർക്കാവശ്യമായ സംവിധാനങ്ങൾ വകുപ്പ് നൽകുകയും ചെയ്യുന്നുണ്ട്. ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട സന്നദ്ധപ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ സന്നദ്ധസേന രൂപീകരിക്കുകയും സിവിൽ ഡിഫൻസ് ആപ്ദ മിത്ര വോളന്റിയർമാർക്ക് ഇൻഷുറൻസ് പദ്ധതി ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ദുരിതാശ്വാസ പ്രവർത്തനവേളയിൽ പരിക്കുപറ്റുന്നവരുടെ ചികിത്സാച്ചെലവ് സംസ്ഥാന ദുരന്തപ്രതികരണ നിധിയുടെ മനദണ്ഡങ്ങൾക്കനുസൃതമായി വഹിക്കുകയും മരണമടഞ്ഞാൽ ആശ്രിതർക്ക് സാമ്പത്തിക സഹായം അനുവദിക്കുകയും ചെയ്യുമെന്നതിനാൽ ഈ ബില്ലിന് അവതരണാനുമതി നൽകേണ്ടതില്ല.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സന്നദ്ധപ്രവർത്തകരുടെ സംരക്ഷണത്തിന് പ്രത്യേക നിയമനിർമ്മാണം നടത്തണം എന്നതാണ് ഈ ബിൽ കൊണ്ടുദ്ദേശിക്കുന്നത്. സിവിൽ ഡിഫൻസ് സംവിധാനങ്ങൾക്കും വോളന്റിയർമാർക്കും പുറമെ സാധാരണക്കാരായിട്ടുള്ള സന്നദ്ധപ്രവർത്തകർക്കുമാവശ്യമായ സംരക്ഷണം ഏർപ്പെടുത്തണം.

ദുരന്തമേഖലയിൽ സമാനതകളില്ലാത്ത പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന സന്നദ്ധ പ്രവർത്തകരുടെ സുരക്ഷയ്ക്കാവശ്യമായ നടപടി സ്വീകരിക്കണം.

(ചർച്ച തുടരും)

## (v) 2021-ലെ വിനോദസഞ്ചാര മേഖലയിലെ തൊഴിലാളികളുടെ ക്ഷേമനിധി ബിൽ

ശ്രീ. സജീവ് ജോസഫ്: 2021-ലെ വിനോദസഞ്ചാര മേഖലയിലെ തൊഴിലാളികളുടെ ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള ഉപക്ഷേപം അവതരിപ്പിക്കുന്നു.

ശ്രീ. ടി. സിദ്ദിഖ്: ഉപക്ഷേപത്തെ പിന്താങ്ങുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രിക്കുവേണ്ടി ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ സംരക്ഷണം ഉറപ്പുവരുത്തുകയെന്നത് സർക്കാരിന്റെ പ്രഖ്യാപിത നിലപാടാണ്. ഈ മേഖലയിൽ തൊഴിലെടുക്കുന്നവർക്ക് ക്ഷേമനിധി ഏർപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. അതിനാൽ ഈ ബില്ലിന് അവതരണാനുമതി നൽകേണ്ടതില്ല.

<u>ശ്രീ. സജീവ് ജോസഫ്</u>: വിനോദസഞ്ചാര മേഖലയിൽ തുച്ഛമായ വേതനത്തിന് ജോലി ചെയ്യുന്ന അസംഘടിതരായ തൊഴിലാളികളുടെ ക്ഷേമവും ഐശ്വര്യവും ഉറപ്പുവരുത്താനാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. വിനോദസഞ്ചാര മേഖലയിലെ തൊഴിലാളികൾക്കുവേണ്ടി ക്ഷേമനിധി ബോർഡ് രൂപീകരിക്കേണ്ടത് അനിവാര്യമാണ്. ടൂറിസം മേഖലയിലെ 15 ലക്ഷത്തോളം വരുന്ന അസംഘടിത-താൽക്കാലിക തൊഴിലാളികൾക്ക് തൊഴിൽ സുരക്ഷയും സാമൂഹ്യസുരക്ഷയും ഉറപ്പാക്കാൻ ലക്ഷ്യമിടുന്ന ബില്ലാണിത്. ടൂർ ഓപ്പറേറ്റർമാർ, ലൈഫ് ഗാർഡുകൾ, വിനോദസഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കുന്ന സെക്യൂരിറ്റി ഗാർഡുകൾ ഉൾപ്പെടെ വിനോദസഞ്ചാര മേഖലയിൽ പ്രവർത്തിക്കുന്ന മുഴുവൻ തൊഴിലാളികളെയും ക്ഷേമനിധി ബോർഡിന്റെ പരിധിയിൽ കൊണ്ടുവരണം. ടൂറിസം രംഗത്തെ തൊഴിൽ ദാതാക്കളുടെ രജിസ്ട്രേഷൻ നിർബന്ധമാക്കണം. ടൂറിസം മേഖലയിലെ തൊഴിലാളികൾക്കായി നൈപുണ്യ പരിശീലന പരിപാടികൾ നടപ്പാക്കണം.

(ചർച്ച തുടരും)

## (3) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള ഉപക്ഷേപങ്ങളുടെ തുടർചർച്ച:

### (i) 2021-ലെ കേരള കളിസ്ഥലങ്ങളുടെ സംരക്ഷണവും പരിപാലനവും നിർമ്മാണവും ബിൽ

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ:</u> കായികതാരങ്ങൾക്ക് മികച്ച പരിശീലനത്തിനും പ്രതിഭാശാലികളായ കുട്ടികൾക്ക് കളിച്ചുവളരാനും പൊതുജനങ്ങൾക്ക് കായികവിനോദങ്ങളിലേർപ്പെടാനുമുള്ള വിപുലമായ സൗകര്യമുണ്ടാകണം. കായികയിനങ്ങൾക്ക് അനുയോജ്യമായ രീതിയിലുള്ള സ്റ്റേഡിയങ്ങൾ നിർമ്മിക്കണം. നിലവിലെ സ്റ്റേഡിയങ്ങളുടെ ശോചനീയാവസ്ഥക്ക് പരിഹാരമുണ്ടാക്കാനും കളിസ്ഥലങ്ങൾ സംരക്ഷിക്കുന്നതിന് വിദഗ്ധ സമിതി രൂപീകരിക്കാനും നടപടി സ്വീകരിക്കണം. കളിസ്ഥലങ്ങൾ കായികാവശ്യങ്ങൾക്കല്ലാതെ ഉപയോഗിക്കുന്നില്ലെന്ന് ഉറപ്പുവരുത്തണം. എല്ലാ പൊതുവിദ്യാലയങ്ങളിലും സ്ഥലം ലഭ്യമാകുന്ന തീരദേശമേഖലയിലുൾപ്പെടെയുള്ള എയ്ഡഡ് സ്കൂളുകളിലും കളിക്കളങ്ങൾ നിർമ്മിക്കാൻ നടപടി സ്വീകരിക്കണം.

(ചർച്ച തുടരും)

## (ii) 2021-ലെ കേരള പ്ലേസ്കൂൾ കിൻഡർഗാർട്ടൻ രജിസ്ട്രേഷൻ അതോറിറ്റി രൂപീകരണ ബിൽ

ശ്രീ. പി. സി. വിഷ്ണുനാഥ്: സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന പ്ലേസ്കൂൾ കിൻഡർഗാർട്ടനുകളുടെ രജിസ്ട്രേഷൻ നടത്തുന്നതിനോ പാഠ്യപദ്ധതി തീരുമാനിക്കുന്നതിനോ അധ്യാപകരുടെ യോഗ്യത നിശ്ചയിക്കുന്നതിനോ യാതൊരു സംവിധാനവും നിലവിലില്ല. ഒന്ന് മുതൽ ആറ് വയസുവരെയുള്ള കുട്ടികൾക്ക് അവരുടെ നൈസർഗികവും സ്വാഭാവികവുമായ പ്രവർത്തനങ്ങളിലൂടെയുള്ള വിദ്യാഭ്യാസം നൽകുകയാണ് വേണ്ടത്.

(ചർച്ച തുടരും)

(2021-ലെ കേരള സംസ്ഥാന വാതിൽപ്പടി സേവനരംഗത്ത് ജോലി ചെയ്യുന്നവർക്കുള്ള ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള ഉപക്ഷേപം തുടർചർച്ചയ്ക്കായി പരിഗണിച്ചില്ല.)

സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.

********